ത്തിൽ കൂഷീരവ്യവസായ വികസന പദ്ധതികൾക്കായി പ്രത്യേകിച്ച് തുക നീക്കിവച്ചിട്ടില്ല. കേന്ദ്രവിഹിതം ലഭ്യമാകുന്നതിന്റെ അടിസ്ഥാനത്തിൽ അതാതു വർഷത്തിൽ പ്രസ്തുത പദ്ധതികൾക്കായി തുക കൊള്ളിക്കുകയാണ് പതിവ്.

(ബി) 52.595 ലക്ഷം രൂപ.

(സി) ഇടുക്കി കൂഷീരവ്യവസായ വികസന പദ്ധതികൾക്കായി ആസൂത്രണക്കമ്മീഷൻ അംഗീകരിച്ചിട്ടുള്ള 140.25 ലക്ഷം രൂപയും അഞ്ചാം പഞ്ചവൽസരപദ്ധതിയിൽ അവശേഷിക്കുന്ന കാലഘട്ടത്തിലും ആറാം പഞ്ചവൽസര പദ്ധതിക്കാലത്തും ചെലവഴിക്കാമെന്നാണ് പ്രതീക്ഷിക്കുന്നുത്.

(ഡി) 6·342 ലക്ഷം ഉറുപ്പിക.

(ഇ) ഇപ്പോഴത്തെ സംവിധാനത്തിൽ വിജയകരമായി ഈ പദ്ധതി നടപ്പാക്കാമെന്നുള്ളതുകൊണ്ട് പ്രസ്തുത പ്രദേശങ്ങളിൽ പ്രാദേശികമായി പ്രത്യേക സംവിധാനം വേണമെന്നു തോന്നുന്നില്ല.

(എഫ്) ഇല്ല.

പൂട്ടിയിട്ട വ്യവസായശാലകൾ

185. [178] ശ്രീ. പി. ബി. ആർ. പിള്ള: താഴെ കാണുന്ന ചോദ്യങ്ങൾക്ക് കൃഷിയും തൊഴിലും മന്ത്രി സദയം മറുപടി നൽകുമോ:

(എ) അടിയന്തിരാവസ്ഥാ പ്രഖ്യാപനത്തിനുശേഷം സംസ്ഥാനത്തൊത്തത്തിൽ എത്ര വ്യവസായശാലകൾ ലോക്കൗട്ട് ചെയ്തിട്ടുണ്ട്;

(ബി) അതിന്റെ ഫലമായി എത്ര തൊഴിലാളികൾക്ക് തൊഴിൽ നഷ്ടപ്പെട്ടിരിക്കുന്നു;

(സി) ഗവൺമെന്റിന്റെ പ്രഖ്യാപിത ലക്ഷ്യത്തിനും തൊഴിലാളികളുടെ താല്പര്യങ്ങൾക്കും എതിരായി തൊഴിൽ സ്ഥാപനങ്ങൾ ലോക്കൗട്ട് ചെയ്തിരിക്കുന്ന ഏതെല്ലാം വ്യവസായ ഉടമകൾക്കെതിരായി എന്തെല്ലാം നടപടികൾ സ്വീകരിച്ചിരിക്കുന്നു എന്ന് വ്യക്തമാക്കാമോ;

(ഡി) കോട്ടയം ജില്ലയിലുള്ള കോട്ടയം ടെക്സ്റ്റൈൽസ് ലോക്കൗട്ട് ചെയ്തിട്ട് ഇപ്പോൾ എത്ര മാസം കഴിഞ്ഞിരിക്കുന്നു എന്നും, ഈ സ്ഥാപനം തുറന്നു പ്രവർത്തിപ്പിക്കുവാൻ ഗവൺമെന്റ് എന്തെല്ലാം നടപടികൾ സ്വീകരിക്കുകയുണ്ടായി എന്നും വ്യക്തമാക്കുമോ?

ഉത്തരം

(എ) 12.

(ബി) 235.

(സി) വിവരം ശേഖരിച്ചു വരുന്നു.

(ഡി) കോട്ടയം ടെക്സ്റ്റൈൽസ് 1-7-1976 മുതൽ പ്രവർത്തനരഹിതമാണ്. 22-10-1976-ൽ കൂടിയ വാല്യൂഡോഗ് കമ്മറ്റിയിൽ പ്രശ്നങ്ങൾ ചർച്ച ചെയ്യുകയും തൊഴിലാളികൾക്ക് കിട്ടുവാനുള്ള വേതനം തുടർന്നും താമസിച്ചു നൽകുകയാണെങ്കിൽ കർശന നടപടികൾ സ്വീകരിക്കുമെന്ന് മുന്നറിയിപ്പ് നൽകുകയും ചെയ്തിട്ടുണ്ട്. മിൽ പ്രവർത്തിപ്പിക്കാനാവശ്യമായ നടപടികൾ തുടർന്നുകൊണ്ടിരിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly